REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 01-05-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **ആദ്യ ലോക ദൃശ്യ-ശ്രാവ്യ വിനോദ ഉച്ചകോടി വേവ്സ് പ്രധാനമന്ത്രി നരേന്ദ്രമോദി മുംബൈയിൽ രാവിലെ ഉദ്ഘാടനം ചെയ്യും.**
- **വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ നാടിന് സമർപ്പിക്കും.**
- **ദേശീയ പാതാ അതോറിറ്റി ഭാവിയിൽ നടപ്പാക്കുന്ന എല്ലാ പദ്ധതികൾക്കും, നിർമ്മാണ വസ്തുക്കളുടെ GST സംസ്ഥാനവിഹിതം ഒഴിവാക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.**
- **ഇന്ന് സാർവദേശീയ തൊഴിലാളി ദിനം.**
- **IPL ട്വന്റി-20 ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സ്, ചെന്നൈ സൂപ്പർ കിംഗ്സിനെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

ഇന്ത്യയിലെ ആദ്യ ലോക ദൃശ്യ-ശ്രാവ്യ വിനോദ ഉച്ചകോടി വേവ്സിന് ഇന്ന് മുംബൈയിൽ തുടക്കമാകും. രാവിലെ പത്തരയ്ക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഉച്ചകോടി ഉദ്ഘാടനം ചെയ്യും. ദൃശ്യ, ശ്രാവ്യ വിനോദ വ്യവസായത്തിന്റെ ഭാവി സംബന്ധിച്ച ചർച്ചകൾക്ക് വേദിയൊരുക്കുന്ന നാലുദിവസത്തെ ഉച്ചകോടിയിലൂടെ മാധ്യമ-വിനോദ ഡിജിറ്റൽ നൂതനാശയ രംഗങ്ങളിലെ ആഗോളകേന്ദ്രമായി രാജ്യത്തെ അടയാളപ്പെടുത്തുകയാണ് ലക്ഷ്യം. സിനിമ, ഒടിടി, ഗെയിമിംഗ്, കോമിക്സ്, ഡിജിറ്റൽ മീഡിയ, നിർമിതബുദ്ധി, ബ്രോഡ്കാസ്റ്റിംഗ്, നവസാങ്കേതികവിദ്യ എന്നിവയെ ഉച്ചകോടി സംയോജിപ്പിക്കും. രാജ്യത്തെ മാധ്യമ - വിനോദ വൈദഗ്ധ്യത്തിന്റെ സമഗ്ര

പ്രദർശനമായി മാറുന്ന ഉച്ചകോടിയുടെ ഭാഗമായി സംഘിപ്പിച്ച 32 സർഗാത്മക മത്സരങ്ങളിൽനിന്ന് തിരഞ്ഞെടുത്തവരുമായി പ്രധാനമന്ത്രി സംവദിക്കും.

കോഴിക്കോട് ആകാശവാണിയിൽനിന്ന് വേവ്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്ന പ്രോഗ്രാം വിഭാഗത്തിലെ ഫഹദ് റാസ.

......(വോയ്സ്)......

✪✪✪

കേരളത്തിന്റെ അഭിമാനമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ നാടിന് സമർപ്പിക്കും. ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി ഇന്നു രാത്രി തിരുവനന്തപുരത്തെത്തും. രാജ്ഭവനിലാണ് അദ്ദേഹം രാത്രി വിശ്രമിക്കുന്നത്. നാളെ രാവിലെ ഹെലികോപ്റ്ററിൽ വിഴിഞ്ഞത്തെത്തുന്ന പ്രധാനമന്ത്രി, പോർട്ട് ഓപ്പറേഷൻസ് കേന്ദ്രവും ബെർത്തും സന്ദർശിക്കും.

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ ഉൾപ്പെടെ പ്രമുഖർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും. പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് കനത്ത സുരക്ഷാ ക്രമീകരണങ്ങൾ തിരുവനന്തപുരത്ത് ഒരുക്കിയിട്ടുണ്ട്.

ഡെസ്ക് റിപ്പോർട്ട്.

---------------- (വോയ്സ്) ------------

വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യ ഘട്ടമാണ് നിലവിൽ പൂർത്തീകരിച്ചിരിക്കുന്നത്. മൂന്ന് മാസത്തോളം നീണ്ട ട്രയൽ റണ്ണിൽ തന്നെ തുറമുഖം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങിയിരുന്നു. 263 കപ്പലുകളാണ് വിഴിഞ്ഞത്ത് നങ്കൂരമിട്ടത്. 2028-ൽ മറ്റ് മൂന്ന് ഘട്ടങ്ങളും കൂടി പൂർത്തീകരിക്കുന്നതോടെ വിഴിഞ്ഞം പൂർണ തോതിൽ പ്രവർത്തന സജ്ജമാകും.

പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് ഇന്ന് ഉച്ചയ്ക്ക് രണ്ട് മുതൽ രാത്രി പത്തുവരെയും നാളെ രാവിലെ 6.30 മുതൽ ഉച്ചയ്ക്ക് 2 വരെയും തിരുവനന്തപുരം നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. പ്രധാന റോഡുകളിലും സമീപത്തെ ഇടറോഡുകളിലും വാഹന പാർക്കിങ് അനുവദിക്കില്ല.

ഉദ്ഘാടനത്തോടനുബന്ധിച്ച് സിറ്റി പൊലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ കനത്ത സുരക്ഷാ ക്രമീകരണങ്ങളാണ് വിഴിഞ്ഞത്ത് ഒരുക്കിയിരിക്കുന്നത്.

4,200-ഓളം പോലീസുകാരെ സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുണ്ട്. കടലിലെ പ്രത്യേക സുരക്ഷാ ക്രമീകരണങ്ങൾക്ക് പുറമേ, വ്യോമസേനയുടെ വിമാനങ്ങളും ഹെലികോപ്റ്ററുകളും സുരക്ഷയ്ക്കായി വിന്യസിക്കും. പൊതുജനങ്ങൾക്ക് ചടങ്ങ് വീക്ഷിക്കാൻ ഉദ്ഘാടന വേദിയ്ക്ക് ഇരുവശത്തുമായി പവലിയനുകളും സജ്ജീകരിച്ചിട്ടുണ്ട്.

✪✪✪

ദേശീയ പാതാ അതോറിറ്റി ഭാവിയിൽ കേരളത്തിൽ നടപ്പാക്കുന്ന എല്ലാ പദ്ധതികൾക്കും, നിർമ്മാണ വസ്തുക്കളുടെ GST യിലെ സംസ്ഥാനവിഹിതം, റോയൽറ്റി എന്നിവ ഒഴിവാക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. കേരളത്തിന്റെ വികസനത്തിന് പുതിയ പദ്ധതികൾ അനിവാര്യമാണെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് നടപടി.

ന്യൂസ് ഡെസ്ക്കിൽനിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്)....

വരാനിരിക്കുന്ന ദേശിയപാതാ പ്രവൃത്തികളിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായാണ് മന്ത്രിസഭാ യോഗ തീരുമാനം.

പൊലീസ്, എക്സൈസ്, ഗതാഗതം, വനം-വന്യജീവി വകുപ്പുകളിൽ ഉന്തിയ പല്ല് അയോഗ്യതയായി കണക്കാക്കുന്ന രീതി ഒഴിവാക്കാനും മന്ത്രിസഭ തീരുമാനിച്ചു. ഇതിനായി വകുപ്പുകളുടെ വിശേഷാൽ ചട്ടങ്ങളിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യും.

അക്കാമ്മ ചെറിയാന്റെ പേരിൽ സാംസ്കാരിക സമുച്ചയും നിർമ്മിക്കുന്നതിന് ഇടുക്കി ഡാമിനോട് ചേർന്ന് നാല് ഏക്കർ ഭൂമി അനുവദിക്കും. മൂലമറ്റം പവർ ഹൗസിന്റെ താഴ്ഭാഗത്ത് മലങ്കര ഡാം വരെ തൊടുപുഴയാറ്റിലെ എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തിക്കും മന്ത്രിസഭ അംഗീകാരം നൽകി.

ഇടുക്കിയിലെ മൂലമറ്റം- കോട്ടമല റോഡിന്റെ പുതുക്കിയ ടെൻഡർ മന്ത്രിസഭായോഗം അംഗീകരിച്ചതായി മന്ത്രി റോഷി അഗസ്റ്റിൻ അറിയിച്ചു. ആറ് കോടി 86 ലക്ഷം രൂപയാണ് പുതുക്കിയ എസ്റ്റിമേറ്റ് തുക. ടൂറിസത്തിനും കാർഷിക മേഖലയ്ക്കും ഒരേപോലെ പ്രയോജനപ്രദമാണ് ഈ റോഡ്.

✪✪✪

അടുത്ത സെൻസസിനൊപ്പം ജാതി കണക്കെടുപ്പു കൂടി നടത്താൻ എടുത്ത തീരുമാനം സാമൂഹ്യ സമത്വത്തിനും, എല്ലാ വിഭാഗത്തിന്റെയും അവകാശങ്ങൾ

ഉറപ്പാക്കാനും ഗവൺമെന്റ് പുലർത്തുന്ന പ്രതിബദ്ധതയ്ക്ക് തെളിവാണെന്ന് ആഭ്യന്തര മന്ത്രി അമിത്ഷാ പറഞ്ഞു.

സാമൂഹികമായും, സാമ്പത്തികമായും, വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്നവരെ മുഖ്യധാരയിലെത്തിക്കുന്നതിന് നിർണായക തീരുമാനമാണിതെന്ന് BJP ദേശീയ അധ്യക്ഷൻ JP നദ്ദയും അഭിപ്രായപ്പെട്ടു.

ജാതിസെൻസസ് എന്ന ആവശ്യം കോൺഗ്രസ് ആവർത്തിച്ച് ആവശ്യപ്പെട്ട ഒന്നായിരുന്നെന്ന് ദേശീയ അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ജാതിസെൻസസിനെ പൂർണമായി പിന്തുണയ്ക്കുന്നതായി ലോക്സഭാ പ്രതിപക്ഷ നേതാവു കൂടിയായ രാഹുൽ ഗാന്ധിയും അറിയിച്ചു.

✪✪✪

നിയന്ത്രണ രേഖയിൽ പ്രകോപനമില്ലാതെ വെടിനിർത്തൽ ലംഘിച്ചാൽ കടുത്ത നടപടിയുണ്ടാകുമെന്ന് ഇന്ത്യ, പാകിസ്ഥാന് മുന്നറിയിപ്പ് നൽകി. ഇന്ത്യൻ സൈന്യത്തിന്റെ ഡയറക്ടർ ജനറലാണ് പാക് DGMO യെ സൈനിക ഹോട്ട്ലൈൻ വഴി ഇക്കാര്യം അറിയിച്ചത്.

✪✪✪

പഹൽഗാം ഭീകരാക്രമണത്തെ തുടർന്ന് പാകിസ്ഥാൻ വിമാനങ്ങൾക്ക് ഇന്ത്യയുടെ വ്യോമപാത ഈ മാസം 23 വരെ അടച്ചു. സൈനിക വിമാനങ്ങൾക്കു പുറമെ, പാകിസ്ഥാനിൽ രജിസ്റ്റർ ചെയ്ത വിമാനങ്ങൾക്കും, അവിടെ നിന്ന് ആരംഭിക്കുന്നതും പാകിസ്ഥാൻ വിമാനക്കമ്പനികളുടെ ഉടമസ്ഥതയിലും, ലീസിനെടുത്തതുമായ വിമാനങ്ങൾക്കും നിരോധനം ബാധകമാണ്. നേരത്തെ പാകിസ്ഥാൻ ഇന്ത്യൻ വിമാനങ്ങൾക്ക് വ്യോമപാതാ നിരോധനം ഏർപ്പെടുത്തിയിരുന്നു.

✪✪✪

ഇന്ന് സാർവദേശീയ തൊഴിലാളി ദിനം. എട്ട് മണിക്കൂർ ജോലി സമയത്തിനും തുല്യ വേതനത്തിനും വേണ്ടി അമേരിക്കയിലെ ചിക്കാഗോയിൽ തൊഴിലാളികൾ നടത്തിയ പോരാട്ടത്തെ ഓർമ്മിപ്പിക്കുന്നതാണ് മെയ് ദിനം.

ദിനാചരണത്തിന്റെ ഭാഗമായി നിരവധി പരിപാടികൾ ദേശീയ - സംസ്ഥാന തലങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്.

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ജനങ്ങൾക്ക് മെയ് ദിനാശംസകൾ നേർന്നു. തൊഴിലാളി സമൂഹത്തിന്റെ ഐക്യദാർഢ്യത്തിന്റെയും, നിരന്തര

പോരാട്ടത്തിന്റെയും ഓർമ്മപ്പെടുത്തലാണ് ഓരോ മേയ് ദിനവുമെന്ന് ഗവർണർ ആശംസാ സന്ദേശത്തിൽ പറഞ്ഞു.

✪✪✪

ലോക ലഹരി വിരുദ്ധ ദിനമായ ജൂൺ 26 ന് സംസ്ഥാനത്ത് നാലാംഘട്ട ലഹരി വിരുദ്ധ കാമ്പയിൻ ആരംഭിക്കുമെനന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. ബസ് സ്റ്റാന്റുകൾ, പൊതുസ്ഥലങ്ങൾ, വായനശാലകൾ തുടങ്ങിയവ കേന്ദ്രീകരിച്ചായിരിക്കും കാമ്പയിൻ. സ്കൂളുകളുടെ പ്രവർത്തി സമയത്തിന് ഒരു മണിക്കൂർ മുമ്പും, സ്കൂൾ വിട്ട ശേഷവും പരിസരം നിരീക്ഷിക്കാൻ ഒരു പൊലീസ് ഉദ്യോഗസ്ഥനെ നിയമിക്കും.

ഫെബ്രുവരി 22 മുതൽ ഏപ്രിൽ 28 വരെ ഓപ്പറേഷൻ ഡി ഹണ്ടിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ, 12,024 കേസുകൾ രജിസ്റ്റർ ചെയ്തതായി മുഖ്യമന്ത്രി പറഞ്ഞു. 12,627 പേരെ അറസ്റ്റു ചെയ്തു. 820 കിലോയിലേറെ കഞ്ചാവും ആറര കിലോയിലധികം MDMA യും പിടിച്ചെടുത്തതായി മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

പ്രശസ്ത ഷൂട്ടിംഗ് പരിശീലകൻ സണ്ണി തോമസിന്റെ വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം അറിയിച്ചു. രാജ്യത്തെ ഷൂട്ടിംഗ് മേഖലയ്ക്ക് ദിശാബോധം നൽകിയ കോച്ചിനെയാണ് നഷ്ടമായതെന്ന് അദ്ദേഹം അനുശോചന സന്ദേശത്തിൽ പറഞ്ഞു. ഇന്നലെ രാവിലെ കോട്ടയം ഉഴവൂരിലായിരുന്നു സണ്ണി തോമസിന്റെ അന്ത്യം. സംസ്കാരം ഉച്ചയ്ക്ക് എറണാകുളം തേവയ്ക്കൽ മാർട്ടിൻ ഡി പോറസ് പള്ളി സെമിത്തേരിയിൽ ഔദ്യോഗിക ബഹുമതികളോടെ നടത്തും.

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റിൽ ഇന്നലെ ചെന്നൈയിൽ പഞ്ചാബ് കിംഗ്സ്, ചെന്നൈ സൂപ്പർ കിംഗ്സിനെ നാല് വിക്കറ്റിന് തോൽപ്പിച്ചു.

ഇന്ന് വൈകിട്ട് രാജസ്ഥാൻ റോയൽസ്, മുംബൈ ഇന്ത്യൻസിനെ നേരിടും. ജയ്പൂരിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

തലശ്ശേരി പൈതൃക നഗരിയുടെ തീർത്ഥാടന ടൂറിസം വികസനത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയം 25 കോടിയുടെ ഭരണാനുമതി നൽകി. സ്വദേശി ദർശൻ പദ്ധതിയിലുൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുക.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

...............(വോയ്സ്)................

✪✪✪

ഈ വർഷത്തെ പത്മപ്രഭാ സാഹിത്യപുരസ്കാരത്തിന് കവിയും തിരക്കഥാകൃത്തും പ്രഭാഷകനുമായ ആലങ്കോട് ലീലാകൃഷ്ണൻ അർഹനായി. എഴുപത്തയ്യായിരം രൂപയും പ്രശംസാപത്രവും പത്മരാഗക്കല്ലുപതിച്ച ശിൽപവും അടങ്ങുന്നതാണ് പുരസ്കാരം.

✪✪✪

കുടുംബശ്രീ മിഷന്റെ ദേശീയ സരസ് മേള നാളെ കോഴിക്കോട്ട് ആരംഭിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ വൈകിട്ട് ബീച്ച് ഫ്രീഡം സ്ക്വയറിൽ മേള ഉദ്ഘാടനം ചെയ്യും.

✪✪✪

പത്തനംതിട്ടയിൽ 14 കിലോ കഞ്ചാവുമായി ഒഡീഷ സ്വദേശി പൊലീസിന്റെയും ഡാൻസാഫ് സംഘത്തിന്റെയും പിടിയിലായി. തിരുവല്ല KSRTC ബസ് സ്റ്റാന്റ് പരിസരത്തു നിന്നാണ് അജിത് ചിഞ്ചണി എന്നയാളെ പിടികൂടിയത്.

✪✪✪

സംസ്ഥാനത്ത് ഇന്ന് ചിലയിടങ്ങളിൽ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. പാലക്കാട്,മലപ്പുറം, വയനാട് ജില്ലകളിൽ ശക്തമായ മഴ  സാധ്യത കണക്കിലെടുത്ത് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

---

***News Reader: അനിൽ ചന്ദ്രൻ***
***News Team: അബ്ദുൽ കബീർ, ഹബീബ് റഹ്മാൻ***
***DEO: ഷീബ***